നിന്നും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് നിയമാനുസൃതം വേണ്ട നടപടി കൈക്കൊള്ളുന്നതാണ്.

(ബി) തിരുവഞ്ചൂർ പി.എച്ച്.സി. യിൽ അത്യാഹിത വിഭാഗം ആരംഭിക്കുവാനുള്ള സൗകര്യങ്ങൾ തത്ക്കാലം നിലവിലില്ല.

149(176) ഓമാന്നൂർ പി.എച്ച്.സി.യെ സാമൂഹ്യക്ഷേമ കേന്ദ്രമായി ഉയർത്താൻ നടപടി

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ ഓമാന്നൂർ പി.എച്ച്.സി. യെ സാമൂഹ്യക്ഷേമ കേന്ദ്രമാക്കി ഉയർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്നു മുതൽ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ,ബി) ഓമാന്നൂർ പി.എച്ച്.സി. യെ സാമൂഹ്യക്ഷേമ കേന്ദ്രമാക്കി ഉയർത്താനുള്ള നിർദ്ദേശം മഞ്ചേരി ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ച് നിയമാനുസൃതം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

150(177) അനസ്തേഷ്യാ ഡോക്ടറുടെ ഒഴിവുകൾ

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിലെ അനസ്തേഷ്യാ ഡോക്ടറുടെ ഒഴിവുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗത്തിൽ സ്ഥിരനിയമനം നല്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനകം നടപടികൾ സ്വീകരിച്ചെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ,ബി) കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഉണ്ടായിരുന്ന അനസ്തേഷ്യാ ഡോക്ടറുടെ ഒഴിവിൽ സ്ഥിരനിയമനം നടത്തിയിട്ടുണ്ട്.

(സി) ഡോ. എ.എം.ഗീത അവിടെ അനസ്തറ്റിസ്റ്റായി ജോലിനോക്കി വരുന്നു.

151(178) കണ്ണൂർ ജില്ലാ ആശുപത്രിയിലെ ഒഴിവുകൾ നികത്താൻ നടപടി

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

LIBRARY ARCHIVES Kerala Legislative Assembly